**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3378** **25-10-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കടൽപ്പാലം നിർമ്മാണത്തിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കടൽപ്പാലം നിർമ്മിക്കുന്നതിന് കിഫ്ബി ധനസഹായത്തോടെ വിഭാവനം ചെയ്ത പദ്ധതിയുടെ വിശദാംശങ്ങളും ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കാമോ; | (എ) | ആലപ്പുഴ തുറമുഖ പൈതൃക പദ്ധതിയുടെ ഭാഗമായി പുതിയ കടൽപാലം നിർമ്മിക്കുന്ന പദ്ധതി മുസിരീസ് ഹെറിറ്റേജ് പ്രോജക്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് ടെൻഡർ ചെയ്തിരുന്നതെങ്കിലും പദ്ധതി ഏറ്റെടുക്കാൻ ആരും തയ്യാറായിട്ടില്ല. |
| (ബി) | ടൂറിസം സാധ്യത പ്രയോജനപ്പെടുത്തുന്നതിനായി നിലവിലുള്ള പഴയ കടൽപ്പാലം പുതുക്കുന്നതിനും അത് സംരക്ഷിച്ചുകൊണ്ട് പുതിയ കടൽപ്പാലം നിർമ്മിക്കുന്നതിനും കഴിയുമോയെന്നും ഇതിനായി പ്രത്യേക പദ്ധതി നടപ്പാക്കാൻ തയ്യാറാകുമോയെന്നും വ്യക്തമാക്കാമോ; | (ബി) | പഴയ കടൽ പാലം നിലവിൽ വളരെ അധികം ക്ഷയിച്ച രീതിയിലാണ്. പൈതൃക സ്വഭാവം നിലനിർത്തുന്നതിന് ഉതകും വിധം കടൽപ്പാലം നിലവിൽ അവശേഷിക്കുന്നില്ല. അതിനാൽ അത് പുനരുദ്ധരിക്കുന്നത് പ്രായോഗികമല്ല. |
| (സി) | ആലപ്പുഴ പൈതൃക പദ്ധതിയിലുൾപ്പെടുത്തി പുതിയ കടൽപ്പാലം നിർമ്മിക്കുന്നതിനും ആലപ്പുഴ-കൊച്ചി-ബേപ്പൂർ തുറമുഖങ്ങളെ ബന്ധിപ്പിച്ച് ടൂറിസ്റ്റുകൾക്കായി ചെറുകപ്പൽ ഗതാഗതം നടപ്പാക്കുന്നതിനും തയ്യാറാക്കിയ പദ്ധതിയിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് വിശദമാക്കാമോ? | (സി) | ആഴം കുറവായതിനാൽ കപ്പൽ ഗതാഗതം ആരംഭിക്കുന്ന തരത്തിൽ വികസിപ്പിക്കുന്നതിന് ആലപ്പുഴ തുറമുഖത്തിന് പരിമിതികളുണ്ട്. |

സെക്ഷൻ ഓഫീസർ